LIBRARY ARCHIVES Kerala Legislative Assembly

ഇൻ-സർവ്വീസ് ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

80 (51) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാർക്കും ഉന്നത നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് തിരുവനന്തപുരം ആസ്ഥാനമാക്കി പി.എസ്.സി. യുടെ ആഭിമുഖ്യത്തിൽ ഒരു ഇൻ-സർവ്വീസ് ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പി.എസ്.സി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഇത്തരം ഒരു സ്ഥാപനത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഉൾപ്പടെ ഏറ്റവും മികച്ച പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം സംബന്ധിച്ച് ഒരു പ്രൊപ്പോസലും പിഎസ്.സി. സർക്കാരിന് നൽകിയിട്ടില്ല.

വനിതാ എസ്.ഐ. റാങ്ക് ലിസ്റ്റ്

81(52) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾ ഉൾപ്പെട്ട ആദ്യത്തെ എസ്.ഐ. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്തിരുന്നോ എന്നറിയിക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര വനിതകളെ നാളിതുവരെ നിയമിച്ചു; നിയമിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) 26-5-2015.

(ബി) വിജ്ഞാപനത്തിനുമുമ്പ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നില്ല.